പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2206 — 4.11.2019 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാർക്കുള്ള ഇൻസൈറ്റ് പദ്ധതി

ചോദ്യം — മറുപടി

ശ്രീമതി.പി. അയിഷാ പോറ്റി — കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഇൻസൈറ്റ് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) സമൂഹത്തിൽ കാഴ്ചവൈകല്യമുള്ള ഭിന്നശേഷിക്കാർക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെ അവരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി സമൂഹത്തിൽ ഇടപെടുന്നതിന് സാഹചര്യം ഒരുക്കുന്നതിനായി ഐ.ടി മിഷൻ നടപ്പിലാക്കി വന്നിരുന്ന പദ്ധതിയാണ് 'ഇൻസൈറ്റ്'.<br>NGO യായ SPACE മുഖേന ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിശീലനം നൽകുന്നതിനായി ഇൻസൈറ്റ് പ്രോജക്ട് ഉണ്ടായിരുന്നു. 2009 ൽ ഐ.ടി മിഷന്റെ സഹായത്തോടെയും 2014 മുതൽ കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് മുഖേന സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെയും ഈ പ്രോജക്ട് 2016-17 വർഷം വരെ നടത്തിയിരുന്നു.<br>INSIGHT പദ്ധതിയെ സംബന്ധിച്ചും ആയതിന്റെ നടത്തിപ്പിലെ ക്രമക്കേടുകളെ സംബന്ധിച്ചും ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് KFB വഴി നടപ്പിലാക്കി വന്നിരുന്ന സർക്കാർ പദ്ധതിയായ INSIGHT പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് KFB യുമായുള്ള കരാർ റദ്ദ് ചെയ്യുവാനും കാഴ്ചവൈകല്യമുള്ള വളരെയധികം ആൾക്കാർക്ക് പ്രയോജനം നൽകാവുന്ന INSIGHT എന്ന സർക്കാർ പദ്ധതി താൽപര്യ പത്രം വിളിച്ച് പരിചയമുള്ള സ്കിൽ ഡെവലപ്മെന്റ് ഏജൻസികളിൽ കൂടി ജില്ലാ തലത്തിൽ എല്ലാ വർഷവും നടത്താനും KFB ക്ക് അധികമായി നൽകിയിട്ടുള്ള തുക പദ്ധതി നടത്തിപ്പിനായി വാടകയിനത്തിൽ |

| | |
|---|---|
| | കൈപ്പറ്റിയതും ഉൾപ്പെടെ 18% പലിശ ഉൾപ്പെടെ തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിനും വിജിലൻസ് അന്വേഷണം നടത്തുന്നതിനും ആവശ്യപ്പെട്ടിരുന്നു. ടി ഉത്തരവിനെതിരെ KFB കോടതിയെ സമീപിച്ചിട്ടുള്ളതും കോടതി വ്യവഹാരങ്ങൾ നടന്നു വരുന്നതുമാണ്. നിലവിൽ കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന് പദ്ധതി അംഗീകാരമില്ല. |
| (ബി) പ്രസ്തുത പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പഠിക്കുന്നതിന് ആർക്കെങ്കിലും ചുമതല നൽകിയിട്ടുണ്ടോ; ആയതിന്റെ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ: | (ബി) ഇൻസൈറ്റ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പഠിക്കുന്നതിന് തിരുവനന്തപുരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (GIFT) നെ ചുമതലപ്പെടുത്തിയിരുന്നു. പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ ചില നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ഉണ്ടായത്. പ്രോജക്ട് തുടർന്ന് നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട ചില വസ്തുതകൾ മാത്രമാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്. |
| (സി) ഭിന്നശേഷിക്കാർക്ക് ഉപകാരപ്രദമാണെങ്കിൽ പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കുമോ? | (സി) ഇൻസൈറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ NGO കൾ മുഖേന ഭിന്നശേഷി മേഖലയിലെ പദ്ധതികൾ നടത്തുന്നതിന് തയ്യാറാക്കിയ 'അതിജീവനം' സമഗ്ര പദ്ധതിയിലെ മാതൃക പ്രോജക്ട് ആയി ഈ പദ്ധതി ഉൾപ്പെടുത്തി EOI ക്ഷണിച്ചിരുന്നു. ഇത് പ്രകാരം തൃശ്ശൂർ ആസ്ഥാനമായുള്ള ഓട്ടിസം സെന്റർ 15 പേർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. എന്നാൽ കാഴ്ചപരിമിതർക്കായി ഈ പദ്ധതി നടത്തുന്നതിനായി NGO കൾ ആരും തന്നെ പ്രോജക്ട് നൽകിയിരുന്നില്ല. |

Jasmin Thomas

സെക്ഷൻ ഓഫീസർ